**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 16 08.06.2015-ന് മറുപടി നൽകേണ്ടത്

**കേന്ദ്ര ബഡ്ജറ്റിലെ അവഗണന**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റിനു ശേഷം മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് ബജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ; | (എ) | കേന്ദ്ര ബഡ്ജറ്റിനു ശേഷം 03.03.2015-നും 28.05.2015-നും മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാരായ ശ്രീ. നിതിൻ ജയറാം ഗഡ്കരി, ശ്രീ. അരുൺ ജയ്റ്റ്ലി എന്നിവരെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു. കൊല്ലം, അഴീക്കൽ തുറമുഖ പദ്ധതിക്കു വേണ്ട സഹായം, മത്സ്യബന്ധന നിരോധനം 61 ദിവസത്തേത് 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണയുടെ ലഭ്യത, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് കേന്ദ്രത്തോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ. |
| (ബി) | ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം മന്ത്രിമാരിൽ നിന്നും പുതിയ ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ; | (ബി) യും (സി) യും | സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളിലും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. |
| (സി) | മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ